ഡോ നേവൽ എയർ സ്റ്റേഷനിൽ വിമാനങ്ങൾക്കിറങ്ങാം. ഇവിടെ അണു വൈദ്യുതി ലഭ്യമാണ്. ലാബറട്ടറികൾ, വർക്ക്ഷോപ്പുകൾ, പാർപ്പിടങ്ങൾ ഇവയെ പരസ്പരം ബന്ധിപ്പിക്കുന്ന തുരങ്കങ്ങൾ, ഇവയെല്ലാം ഉള്ള നിരീക്ഷണപഠനകേന്ദ്രങ്ങൾ വേറെയുമുണ്ട്. റേഡിയോവഴി ഇവ ബാഹ്യലോകത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യ അൻറാർക്ടിക്കയിലെത്തിയതു് ഒട്ടും നേരത്തെയല്ല എന്ന് ഇതിൽനിന്നു വ്യക്തമാവും. 1957-ൽതന്നെ നാം ദക്ഷിണധ്രുവപഠനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതായിരുന്നു. ഇപ്പോഴെങ്കിലും ഒരു സംഘത്തെ അവിടേക്കയച്ചതിൽ ഇന്ത്യാഗവണ്മെൻറ് നമ്മുടെ അഭിനന്ദനം അർഹിക്കുന്നു. ഈ ദേശീയാഭിക്രമത്തിൻെറ പ്രാധാന്യം നാം തികച്ചും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

12 ജനുവരി, 1982

## 24. ദക്ഷിണധ്രുവം പങ്കുവെക്കുവാൻ

ഇക്കഴിഞ്ഞ മെയ്മാസത്തിൽ, ഇരുപത്തിരണ്ടു ദിവസം നീണ്ടുനിന്ന കടുത്ത പോരാട്ടത്തിനു ശേഷം, അററ്ലാൻറിക് കടലിൻെറ തെക്കേ അററത്തു് തണുത്തു മരവിച്ചു കിടക്കുന്ന ഫാക്ലാൻഡ് ദ്വീപുകൾ ആർജൻറീനയുടെ കൈയിൽനിന്ന് ബ്രിട്ടൻ തിരിച്ചുപിടിച്ചു. ദരിദ്രരായ ആയിരത്തിയെണ്ണൂറോളം ആട്ടിടയരുടെ സ്വയംനിർണയാവകാശം രക്ഷിക്കുന്നതിനാണ് ബ്രിട്ടനിൽനിന്ന് ഏഴായിരത്തിയെണ്ണൂററിനാല്പതു മൈൽ അകലെ നാവികസൈന്യത്തെ അയച്ച് ചെലവേറിയ ഈ യുദ്ധം തങ്ങൾ ചെയ്തതെന്നത്രേ ബ്രിട്ടീഷുകാർ പറഞ്ഞിരുന്നതു്.

വാസ്തവമെന്താണ്? യഥാർത്ഥത്തിൽ, ഫാക്ലാൻഡിൽ ഈ പട നടന്നതു്, അവിടെനിന്ന് ഏകദേശം ആയിരത്തിയിരുനൂറു കിലോമീററർ അകലെയുള്ള ദക്ഷിണധ്രുവത്തിൽ ബ്രിട്ടൻെറ അവകാശം ഉറപ്പിക്കുന്നതിനായിരുന്നു.

ഫാക്ലാൻഡിലെ പോർട്ട്സ്റ്റാൻലി തുറമുഖത്തു് ആർജൻറീനയുടെ സൈന്യങ്ങൾ ആയുധം വെച്ച് ബ്രിട്ടനു കീഴടങ്ങിയ അതേ ആഴ്ചയിൽ, ന്യൂസിലാൻഡിൻെറ തലസ്ഥാനമായ വെല്ലിങ്ടനിൽരണ്ടാഴ്ച നീണ്ട ഒരു രഹസ്യസമ്മേളനം നടക്കുകയുണ്ടായി. അമേരിക്കയും സോവിയററ് യൂണിയനും അടക്കം പതിന്നാലു രഷ്ട്രങ്ങളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തതു്.

ദക്ഷിണധ്രുവത്തെ സംബന്ധിച്ച ഒരന്താരാഷ്ട്രീയ സന്ധിയിൽ ഒപ്പിട്ടവരായിരുന്നു ഈ രാഷ്ട്രങ്ങൾ. ഒരു കോടി മുപ്പത്തിരണ്ടു ലക്ഷത്തിലേറെ ചതുരശ്ര കിലോമീററർ വിസ്താരമുള്ള ദക്ഷിണധ്രുവ വൻകര ശാസ്ത്രീയ നിരീക്ഷണങ്ങൾക്കല്ലാതെ സൈനികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തരുതെന്ന് വ്യവസ്ഥ ചെയ്യുന്ന ഈ സന്ധി 1959-ൽ ഒപ്പിടുകയും 1961-ൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. മുപ്പതു വർഷത്തേക്കുള്ള ഈ സന്ധിയിൽ ആർജൻറീന, ആസ്ട്രേലിയ, ബൽജിയം, ചിലി, ഫ്രാൻസ്, ബ്രിട്ടൻ, ജപ്പാൻ, ന്യൂസിലാൻഡ്, നോർവേ, ദക്ഷിണാഫ്രിക്ക, സോവിയററ് യൂണിയൻ, അമേരിക്കൻ ഐക്യനാടുകൾ എന്നീ പന്ത്രണ്ടു രാജ്യങ്ങളാണ് ആദ്യം പങ്കാളികളായിരുന്നതു്. പോളണ്ടും പടിഞ്ഞാറൻ ജർമനിയും പിന്നീട് ഈ സന്ധിയിൽ അംഗങ്ങളായി ചേർന്നു. ഈ പതിന്നാലു 'സന്ധിരാജ്യ'ങ്ങളാണ്, ധൃതിയിൽ, ന്യൂസിലാൻഡിൽ രഹസ്യയോഗം ചേർന്നിരുന്നതു്.

ധൃതിക്ക കാരണമെന്തെന്നല്ലേ? ദക്ഷിണധ്രുവസന്ധിയുടെ കാലാവധി 1991-ൽ അവസാനിക്കം. അന്നോളം ആ വൻകരയിൽ ശാസ്ത്രീയ നിരീക്ഷണങ്ങഠം ആർക്കം നടത്താം; ഗവേഷണഫലങ്ങഠം പരസ്പരം അറിയിക്കണമെന്നേയുള്ള. എന്നാൽ, അവിടെ ആരും പട്ടാളത്താവളങ്ങഠം സ്ഥാപിച്ചുകൂടാ; പട്ടാള പ്രകടനങ്ങഠം നടത്തുകയുമരുത്. ധ്രുവ വൻകരയുടെ ഉടമ ആർക്കമില്ല. ആരും ആ വൻകര പങ്കിട്ട സ്വന്തമാക്കിക്കൂടാ.

സന്ധിയുടെ കാലാവധി അവസാനിക്കമ്പോഴോ? അപ്പോഠം, ആ വൻകര കൈയടക്കാനുള്ള ഒരു പന്തയം—യുദ്ധംതന്നെ—യുദ്ധം ചെയ്യാൻ കഴിവുള്ള രാഷ്ട്രങ്ങഠംക്കിടയിൽ, ഉണ്ടായിക്കൂടായ്കയില്ല.

ഒരു മൈലോളം കനത്തിൽ കട്ടിമഞ്ഞും കഴമഞ്ഞും മൂടിക്കിടക്കന്ന ദക്ഷിണധ്രുവ വൻകരയുടെ പടിഞ്ഞാറെ കടൽച്ചെരുവിൽ എഴുന്നൂറു കോടി ടൺ അസംസ്കൃത എണ്ണയും മുന്നൂറു കോടി ചതുരശ്രമീററർ പ്രകൃതിവാതകവുമുണ്ടെന്ന് അമേരിക്കൻ ജിയോളജിക്കൽ സർവേ കണക്കാക്കിയിരിക്കുന്നു.

ദക്ഷിണധ്രുവ ഭൂഖണ്ഡത്തിൻെറ വടക്കപടിഞ്ഞാറെ പ്രദേശത്ത് വളരെയധികം എണ്ണ ജർമൻ ഭൂഗർഭശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്.

ചുരുങ്ങിയത് പത്തുകോടി ടൺ കട്ടിക്കല്ക്കരിയെങ്കിലും ധ്രുവമഞ്ഞിനടിയിലുണ്ടെന്നാണ് വിദഗ്ദ്ധരുടെ നിഗമനം. ഈ ഭൂഖണ്ഡത്തിൽ വളരെയധികം യുറേനിയമുണ്ടെന്ന് ജപ്പാൻകാരും ബ്രിട്ടീഷുകാരും ചിലിക്കാരും കണ്ടെത്തിയിട്ടുണ്ട്. ഇരുമ്പ്, മാംഗനീസ്, ക്രോമിയം, ചെമ്പ്, നിക്കൽ, തകരം, മോളിബ്ഡെനം, സ്വർണം, വെള്ളി എന്നീ ലോഹങ്ങളും വലിയ അളവിൽ അവിടെയുണ്ട് എന്ന് അറിവായിട്ടുണ്ട്. ഈ വിഭവങ്ങളൊക്കെ, 1991-നു ശേഷം ആർ കൈയടക്കം?

ഗവേഷണത്തിൻെറ പേരിൽ പ്രവർത്തിക്കന്ന മുപ്പതു കേന്ദ്രങ്ങഠം (സ്റ്റേഷനുകഠം) ഇപ്പോഠംതന്നെ ദക്ഷിണധ്രുവത്തിലുണ്ട്. ഇവയിൽ ഏഴു കേന്ദ്രങ്ങഠം റഷ്യയുടെ വകയാണ്. മുന്നൂറോളം റഷ്യക്കാർ ഇവിടെ സ്ഥിരമായി പാർക്കന്നു.

അമേരിക്കയുടെ വകയായി നാലു സ്റ്റേഷനുകഠം ദക്ഷിണധ്രുവത്തിലുണ്ട്. നൂററിപ്പത്ത് അമേരിക്കക്കാർ അവിടെ താമസിക്കന്നു. ഇക്കൂട്ടത്തിൽ ശാസ്ത്രജ്ഞന്മാരുണ്ട്, വിദഗ്ദ്ധന്മാരുണ്ട്, രഹസ്യപ്പോലീസുകാരുമുണ്ട്.

ആർജൻറീന ദക്ഷിണധ്രുവത്തിൽ നൂററിയെൺപതു ശാസ്ത്രജ്ഞന്മാരെ താമസിപ്പിച്ചിരിക്കുന്നു.

കഴിഞ്ഞ ആണ്ടിൽ പടിഞ്ഞാറൻ ജർമനി അവിടെ നിർമിച്ച കേന്ദ്രത്തിൽ പതിനഞ്ചു ശാസ്ത്രജ്ഞന്മാരുണ്ട്. 1980 മുതൽ 1983 വരെ ഈ പ്രദേശത്ത് ജർമനി മുപ്പതു കോടി ജർമൻ മാർക്ക് നാണ്യം ചെലവഴിക്കം.

ബ്രിട്ടൻ, ജപ്പാൻ, ദക്ഷിണാഫ്രിക്ക, ചിലി, പോളണ്ട് എന്നീ രാജ്യങ്ങളും ധ്രുവപ്രദേശത്തു ഗവേഷണ പ്രവർത്തനങ്ങഠം വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ ജനുവരി 9-ാം തീയതി ഇന്ത്യയുടെ ആദ്യത്തെ ശാസ്ത്രജ്ഞസംഘം ദക്ഷിണധ്രുവത്തിലിറങ്ങി. ഇവർ അവിടെ ഒരു പഠനകേന്ദ്രം സ്ഥാപിച്ചു തിരിച്ചു പോന്നു. ഇപ്പോഠം ഇന്ത്യക്കാരിലാരും ധ്രുവ വൻകരയിലില്ല.

അമേരിക്കൻ ഗവണ്മെൻറിൻെറ ദക്ഷിണധ്രുവപഠനസംഘം ആ ഗവണ്മെൻറിനു സമർപ്പിച്ച ഒരു റിപ്പോർട്ടിൽ, വേറെയും പുതിയ രാജ്യങ്ങഠം ദക്ഷിണധ്രുവത്തിൽ പ്രവർത്തനം തുടങ്ങാൻ സാദ്ധ്യതയുണ്ടെന്നും, റഷ്യ ആ പ്രദേശത്തു പ്രവർത്തനങ്ങഠം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പറയുന്നു. ദക്ഷിണ ധ്രുവത്തിലെ ഒരു റഷ്യൻ സ്റ്റേഷൻെറ തലവനായിരുന്ന സാൻകോവിററ്ഷ് അമേരിക്കയിലേക്ക് കഴിഞ്ഞ ആണ്ടിൽ ഓടിപ്പോയിട്ടുണ്ട്.

അയാൾ പറയുന്നതു്, ധ്രുവപ്രദേശത്തു നിറയെ റഷ്യൻ രഹസ്യപ്പോലീസുകാർ ഉണ്ടെന്നാണ്. അവർ അവിടെ പുതിയ ഗതാഗതോപകരണങ്ങളും സാങ്കേതിക വിദ്യകളും യന്ത്രങ്ങളും മററും പരീക്ഷിച്ചുനോക്കുന്നുവത്രേ. റഷ്യയുടെ യുദ്ധതന്ത്രാസൂത്രണത്തിൽ ദക്ഷിണധ്രുവത്തിന് പ്രമുഖസ്ഥാനമുണ്ട്. ആകെപ്പാടെ ദക്ഷിണധ്രുവ വൻകരയിൽ മേല്ക്കോയ്മ റഷ്യ നേടിക്കൂടെന്നില്ല എന്ന് ഈയാൾ ഭയപ്പെടുന്നു.

ഇതു് അമേരിക്കക്കാരെ ഒട്ടൊന്നുമല്ല പരിഭ്രമിപ്പിച്ചിട്ടുള്ളതു്. ദക്ഷിണധ്രുവത്തിൽ അമേരിക്കൻ സാന്നിദ്ധ്യത്തിന്റെ സ്വാധീനശക്തിയും സക്രിയതയും ഉറപ്പു വരുത്താനാവശ്യമായത്ര ചെലവു് ദക്ഷിണധ്രുവപരിപാടികൾക്കുവേണ്ടി ചെയ്യുന്നതാണെന്ന് പ്രസിഡണ്ട് റേയ്ഗൻ പ്രസ്താവിച്ചതു് ഈ പശ്ചാത്തലത്തിനെതിരെ ആണ്.

ഈ നടപടികളെല്ലാം, ദക്ഷിണധ്രുവ വൻകര രാഷ്ട്രീയമായി വിഭജിക്കുമ്പോൾ അതിലൊരു പങ്കിന് അവകാശം ഉറപ്പിക്കാനാണെന്ന് സ്പഷ്ടമാണല്ലോ.

നോർവേ, ഫ്രാൻസ്, ബ്രിട്ടൻ, ദക്ഷിണാഫ്രിക്ക, ആസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങൾ എത്രയോ വർഷങ്ങളായി ദക്ഷിണധ്രുവ വൻകരയുടെ മേൽ അവകാശം പുറപ്പെടുവിച്ചുപോരുന്നുണ്ട്.

ദക്ഷിണ ധ്രുവത്തിൽ പതിനേഴ ലക്ഷം ച. കി. മീ. സ്ഥലം തങ്ങളുടേതാണെന്ന് ബ്രിട്ടൻ അവകാശപ്പെടുന്നു. നോർവേ അവകാശപ്പെടുന്നതു് ഇരുപത്തിയഞ്ചു ലക്ഷം ച. കി. മീ. പ്രദേശമാണ്. നാല്പത്തിയഞ്ചുലക്ഷം ച. കി. മീ. പ്രദേശം, അതായതു് ധ്രുവവൻകരയുടെ മൂന്നിലൊരു ഭാഗം, തങ്ങളുടേതാണെന്ന് ആസ്ട്രേലിയ വാദിക്കുന്നു. പന്ത്രണ്ടു ലക്ഷം ച.കി. മീ. പ്രദേശം തങ്ങളുടേതാണെന്ന കാര്യത്തിൽ ആർജൻറീനയ്ക്കു സംശയമൊന്നുമില്ല. ഈ പ്രദേശത്തിന് അവർ 'ആർജൻറീന ആസ്ട്രൽ' എന്നു പേരിട്ടിരിക്കുന്നു. ആർജൻറീന അവിടെ ഒരു പട്ടാളത്താവളവും സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ചിലിയുടെ അവകാശവാദം പതിന്നാലു ലക്ഷം ച. കി. മീ. പ്രദേശത്തിനാണ്. ഫ്രാൻസ് നാലു ലക്ഷം ച. കി. മീ. പ്രദേശം തങ്ങളുടേതാണെന്നു വാദിക്കുന്നു. ഈ രാജ്യക്കാരിൽ പലരും ഒരേ പ്രദേശത്തിന് ആണ് അവകാശം ഉന്നയിച്ചിട്ടുള്ളതു്.

ഈ അവകാശവാദങ്ങൾ ഒരു മഹായുദ്ധത്തിലേക്കു നയിച്ചു കൂടായ്കയില്ല.

'തണുത്തുറഞ്ഞ ഒരു കേക്ക്' എന്ന് ദക്ഷിണധ്രുവം വിവരിക്കപ്പെട്ടിട്ടുണ്ട്. ഏററവും മികച്ച ഖനിജ വിഭവങ്ങൾകൊണ്ടു നിർമിച്ച ഈ കേക്കിൽനിന്ന് വലിയ ഒരു കഷണം തങ്ങൾക്കു കൈയടക്കണമെന്നാഗ്രഹിക്കാത്ത രാജ്യങ്ങൾ ഏതുണ്ട്?

പാശ്ചാത്യശക്തികൾ ഈ ഭൂഖണ്ഡം പങ്കിട്ടെടുക്കുന്നതു് പുതുതായി സ്വാതന്ത്ര്യം നേടിയ ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങൾ കണ്ടിരിക്കുമോ? ഇന്ത്യ എന്തു ചെയ്യും? ചൈനയോ? ഇൻഡോനേഷ്യയോ? ആഫ്രിക്കയിലെ അനേകം രാജ്യങ്ങളോ?

ന്യൂസിലൻഡിൽ ചേർന്ന പതിന്നാലു രാഷ്ട്രങ്ങൾ രഹസ്യമായി ആലോചിച്ചതു്, മുഖ്യമായും, ദക്ഷിണധ്രുവ ഭൂഖണ്ഡത്തിന്റെ സാമ്പത്തിക വികസനത്തെപ്പററി ആയിരുന്നുവത്രെ.

സാമ്പത്തികവികസനമെന്നതിന്, അവിടത്തെ പരിസ്ഥിതിയിൽ, സാമ്പത്തികചൂഷണമെന്നേ അർത്ഥമുള്ളൂ. ധ്രുവപ്രദേശത്തിലെ അനന്ത വിഭവങ്ങളെ സമ്പന്ന രാഷ്ട്രങ്ങൾ കൊള്ള ചെയ്തുകൊണ്ടുപോകുന്നതു് ദരിദ്ര രാജ്യങ്ങൾ കൈയുംകെട്ടി നോക്കിയിരിക്കുമോ? നോക്കിയിരിക്കാമോ?

മൂന്നാം ലോകമഹായുദ്ധം 1991-ൽ ദക്ഷിണധ്രുവത്തിൽ പൊട്ടിപ്പുറപ്പെട്ടുകൂടായ്കയില്ല—അതായതു്, അതിനു മുമ്പുതന്നെ മധ്യ പൗരസ്ത്യദേശ

ത്തോ, യൂറോപ്പിലോ, ആ യുദ്ധം പൊട്ടിപ്പുറപ്പെടുകയും, അണുബോംബുകളുടെ അഗ്നിജ്വാലകളിൽ യൂറോപ്പിലെ സമ്പന്നരാജ്യങ്ങൾ ചാരമായി മാറുകയും ചെയ്യുന്നില്ലെങ്കിൽ.

അങ്ങനെ ഒരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ, അതു കാണാൻ ജീവിച്ചിരിക്കേണ്ട ഭാഗ്യമോ, നിർഭാഗ്യമോ ഇതു വായിക്കുന്ന നിങ്ങളിൽ പലർക്കും ഉണ്ടായിക്കൂടെന്നില്ല.

29 ആഗസ്റ്റ്, 1982

# 25. അന്താരാഷ്ട്രീയ സമുദ്രനിയമം

ഭൂമുഖത്തിൽ പത്തിന് ഏഴ് ഭാഗത്തും കടലാണ്; പത്തിനു മൂന്നു ഭാഗത്തു മാത്രമേ കരയുള്ളു. കരയിൽ, ദക്ഷിണധ്രുവം ഒഴിച്ച് മററുള്ളതെല്ലാം ഓരോ രാജ്യവും പങ്കിട്ടെടുത്തുകഴിഞ്ഞു. ദക്ഷിണധ്രുവത്തിൻെറ ആധിപത്യത്തെച്ചൊല്ലിയും തർക്കങ്ങളുണ്ട്.

കടലിൻെറ കാര്യമോ? കരയ്ക്കടുത്തു കിടക്കുന്ന ഏതാനും മൈൽ സ്ഥലം അതാതു രാജ്യത്തിൻെറയാണെന്നു കരുതപ്പെട്ടിരുന്നു. പുറംകടലിൽ ആർക്കും പ്രത്യേകാധികാരങ്ങൾ ഉണ്ടായിരുന്നില്ല. ഇതിനർത്ഥം, ഏററവും വലിയ കടൽപടയുള്ളവർക്ക് അവകാശപ്പെട്ടതാണ് പുറംകടൽ എന്നായിരുന്നു. അങ്ങനെയാണ് ബ്രിട്ടൻ 'തിരമാലകളെ ഭരിക്കുന്ന രാജ്യ'മായതു്.

ഗതാഗതത്തിനും മത്സ്യബന്ധനത്തിനുമാണ് കടൽ മുഖ്യമായും ഉപകരിച്ചിരുന്നതു്. കടലിൻെറ അടിയിൽ എന്താണുള്ളതെന്ന അന്വേഷണം മനുഷ്യർ ആരംഭിച്ചതു് താരതമ്യേന അടുത്ത കാലത്തു മാത്രമാണ്. ഈ അന്വേഷണത്തിൻെറ ഫലമായി, സമുദ്രതലത്തിൽ വലിയ തോതിൽ എണ്ണയുണ്ടെന്നു കാണാൻ കഴിഞ്ഞു. ഈ എണ്ണ കുഴിച്ചെടുക്കാനും തുടങ്ങിയിട്ടുണ്ട്. സാമ്രാജ്യം പിരിച്ചുവിട്ടതിനു ശേഷവും ഗ്രേററ് ബ്രിട്ടൻ ഒരു വൻശക്തിയായി തുടരുന്നുണ്ടെങ്കിൽ അതിന് ആധാരം നോർത്ത്സീയിൽ കടലിന്നടിയിൽനിന്നു കുഴിച്ചെടുക്കുന്ന എണ്ണയാണ്. ഇന്ത്യയും, ചുരുങ്ങിയ തോതിലെങ്കിലും, കടലിൽനിന്ന് എണ്ണ കുഴിച്ചെടുക്കാൻ തുടങ്ങിയിട്ടുണ്ടല്ലോ. ഇന്നത്തെ അറിവുവെച്ചു നോക്കുമ്പോൾ, എണ്ണയ്ക്കുവേണ്ടി ഇന്ത്യ ഏറെക്കുറെ പൂർണമായും കടലിനെത്തന്നെ ആശ്രയിക്കേണ്ടിവരുമെന്നാണു തോന്നുന്നതു്.

എണ്ണയ്ക്കു പുറമെ, നിക്കൽ, കോബാൾട്ട്, ബോക്സൈററ് മുതലായ അനേകം അമൂല്യ ലോഹങ്ങളുടെ അനന്തനിക്ഷേപങ്ങളും കടലിലുണ്ട്. ഇവയിൽ പലതും ചെറിയ ചരലുകളുടെ ആകൃതിയിൽ സമുദ്രതലത്തിൽ അടിഞ്ഞുകിടക്കുകയാണ്; ചവറയിലെ ലോഹമണൽപോലെ. വാരിയെടുത്തു സംസ്കരിച്ചാൽ മതി. പക്ഷേ, ദുർഘടം; വെള്ളത്തിൽ എത്രയോ മീററർ താഴെയാണ് ഈ അനന്തസമ്പത്ത്. ആഴക്കടലിൽ ലോഹഖനനത്തിന് പ്രത്യേക യന്ത്രസംവിധാനങ്ങളും പ്രത്യേക വൈദഗ്ദ്ധ്യവും വൻതോതിൽ മൂലധന നിക്ഷേപവും ആവശ്യമുണ്ട്. ദരിദ്രരാജ്യങ്ങളുടെ കൈവശമാകട്ടെ ഇതൊന്നുമില്ല. അതിനാൽ കടലിനടിയിലെ ധനം എടുത്തുപയോഗിക്കാനുള്ള കഴിവ് ഇന്ന് സമ്പന്നരാജ്യങ്ങൾക്കു മാത്രമേയുള്ളു. ഈ വിഭവങ്ങൾ മനുഷ്യവർഗത്തിൻെറ മുഴുവൻ നന്മയ്ക്ക് ഉപയോഗപ്പെടുത്തുകയാണ് ന്യായം. കാരണം കടലിനടിയിലെ ധനം മനുഷ്യവർഗത്തിൻെറ പൊതുപൈതൃകമാണ്. ഈ ധനം ഖനനം ചെയ്യുന്നതും ഉപയോഗിക്കുന്ന